ഉത്തരം

(എ) പതിനേഴ് എണ്ണം

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇല്ല.

(ഡി) ഉത്തരം (സി)യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ് വകുപ്പിലെ വനിതാ ഗാർഡുകളുടെ നിയമനം

41 (1836) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ വനിതാ ഗാർഡുകളെ നിയമിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവരെ നേരിട്ടാണോ വകുപ്പുതല മാറ്റം മുഖേനയാണോ നിയമിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ വനിതാ ഗാർഡുകളെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിയമന രീതി തീരുമാനമായിട്ടില്ല.

ഗുണമേന്മയുള്ള ഭക്ഷ്യ സാധനങ്ങൾ വിൽക്കാൻ നടപടി

42 (1837) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളിൽ ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വില്പന നടത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും എന്തൊക്കെ മേൽ നടപടി സ്വീകരിക്കും എന്നും വിശദമാക്കാമോ ;

(ബി) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ ഏതെല്ലാം ഭക്ഷ്യധാന്യങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്യുന്നതെന്നും ഓരോന്നിന്റെയും വില ഒരു കിലോയ്ക്ക് എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അതേ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾക്ക് പൊതു വിപണിയിലെ വില എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പൊതുവിതരണ കേന്ദ്രങ്ങളിലെ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും കൃത്യമായ അളവും തൂക്കവും ഉറപ്പുവരുത്താനും എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly